Unit:1

Chapter:2

# ഓരോ വിളിയും കാത്ത്

1. കുടുംബബന്ധങ്ങളിലെ ഊഷ്മളത 'ഓരോ വിളിയും കാത്ത്' എന്ന കഥയിൽ പ്രകടമാകുന്നതെങ്ങനെ?

- അമ്മ,അച്ഛൻ, മകൻ, ജോലിക്കാരൻ എന്നിവർ തമ്മിൽ ഊഷ്മളമായ സ്നേഹബന്ധം ഉണ്ട്.മരിച്ചുപോയ ഭർത്താവിന്റെ വിളിക്കുവേണ്ടി കാത്തിരിക്കുന്ന ഭാര്യ;അച്ഛന്റെ മരണത്തോടെ വീട്ടിൽ ഒറ്റപ്പെട്ടുപോയ അമ്മയെ തനിച്ചാക്കി പോകാനാകാതെ ധർമ്മസങ്കടത്തിലാകുന്ന മകൻ.ഇങ്ങനെ കുടുംബബന്ധങ്ങളിലെ ഇഴയടുപ്പവും അവരുടെ പരസ്പരസ്നേഹവും കഥയിൽ കാണാം.ആ സ്നേഹബന്ധം മരിച്ചാലും നഷ്ടപ്പെടുന്നില്ല.

2. "ഇല്ലച്ഛമ്മേ ഒന്നും കേക്കില്ല.ടീവീന്റെ ഒച്ച മാത്രമേ കേക്കാൻ പറ്റൂ"
"നല്ല വെള്ളോല്ല,നിലാവുല്ല,കുമന്റെ ഒച്ചേം ഇല്ല.പിന്നെ എന്താ ആടേ ഉള്ളത്?"
ഗ്രാമനഗര ജീവിതവ്യത്യാസം 'ഓരോ വിളിയുംകാത്ത്' എന്ന കഥയിൽ അവതരിപ്പിച്ചിരിക്കുന്നത് എങ്ങനെ?

- പരസ്പരസ്നേഹവും വിശ്വാസവും സഹകരണവും ഗ്രാമത്തിൽ കാണാം.കൃഷി അവരുടെ സംസ്കാരമാണ്.ഗ്രാമീണർ പ്രകൃതിയോട് ഇണങ്ങി പ്രകൃതിയെ അറിഞ്ഞു ജീവിക്കുന്നു.സ്വന്തം നാടും വീടും വിട്ടൊരു ജീവിതം അവർക്ക് ചിന്തിക്കാൻ പോലും ആവില്ല.ശാന്തിയും സന്തോഷവും സംതൃപ്തിയും നിറഞ്ഞ ജീവിതമാണ് അവരുടേത്. കഥയിലെ അമ്മയിലൂടെ ഗ്രാമത്തിന്റെ വിശുദ്ധി കഥാകൃത്ത് വരച്ചുകാട്ടുന്നു.
  ഉപരിപ്ലവമായ ജീവിതമാണ് നഗരത്തിലേത്.ഫ്ലാറ്റുകളിൽ ഒറ്റപ്പെട്ട് അവർ ജീവിക്കുന്നു.പ്രകൃതിയുമായൊ സമൂഹവുമായൊ യാതൊരു അടുപ്പവും ഇല്ല.പ്രകൃതിയുടെ മനോഹാരിത ആസ്വദിക്കാനൊ പ്രകൃതിയെ അടുത്തറിയാനൊ കഴിയില്ല.കാറ്റിന്റെ ശബ്ദമൊ പക്ഷികളുടെ ഗാനമൊ കേൾക്കാനില്ല. ആകെ കേൾക്കുന്നത് ടി.വി.യുടെ ശബ്ദം മാത്രം

3. മകൻ അമ്മയെ നഗരത്തിലേക്കു വിളിക്കാൻ കാരണം എന്ത്?

- അച്ഛന്റെ ഓരോ വിളിക്കു പിന്നാലെ പോകുമ്പോഴും അമ്മയ്ക്ക് ചെറുപ്പമായിരുന്നു.അച്ഛന്റെ മരണത്താൽ പെട്ടെന്ന് അമ്മ വാർദ്ധക്യത്തിന്റെ നിസ്സഹായതയിലേക്ക് വഴുതിവീഴുമെന്ന് മകന് തോന്നുന്നു. അച്ഛനില്ലാത്ത വീട്ടിൽ അമ്മ ഒറ്റപ്പെടും എന്നും മകൻ ചിന്തിക്കുന്നു.

4. ഇവിടെ താൻ തനിച്ചല്ല എന്ന് അമ്മയ്ക്ക് തോന്നിയത് എന്തുകൊണ്ടാവാം?

- അച്ഛന്റെ ഓർമ്മകൾ തങ്ങിനിൽക്കുന്ന വീടാണത്.വീടും പറമ്പുമൊക്കെ അച്ഛനാണ് നോക്കിയിരുന്നത്.മരിച്ചിട്ടും അച്ഛന്റെ സാന്നിധ്യം അമ്മ അറിയുന്നു.അച്ഛൻ മരിച്ചു എന്ന സത്യം ഉൾക്കൊള്ളാൻ അമ്മയ്ക്ക് കഴിയുന്നില്ല.സ്നേഹബന്ധത്തിന്റെ ദൃഢത ഇവിടെ കാണാം.മരിച്ചുപോയവർ എപ്പോഴും തന്നോടുകൂടിയുണ്ട് എന്ന ചിന്തയാൽ ജീവിതം മുന്നോട്ട് നയിക്കുന്നവരുണ്ട്.അത്തരമൊരു മാനസികാവസ്ഥയിലാണ് അമ്മയും.

5. 'ഇപ്പോൾ ഇതൊരു വീടല്ല.നീണ്ട വരാന്തകളും വെണ്മയാർന്ന ചുമരുകളും വലിയ ജനലുകളും വാതിലുകളുമെല്ലാം ഉണ്ടെങ്കിൽപ്പോലും ഇതൊരു വീടാകുന്നില്ല'. മകൻ ഇങ്ങനെ ചിന്തിക്കാൻ കാരണമെന്ത്?

- കളിചിരികളും പരിഭവങ്ങളും ഇണക്കങ്ങളും പിണക്കങ്ങളും സ്നേഹത്തിന്റെ കെട്ടുറപ്പുമാണ് വീടിനെ വീടാക്കുന്നത്. അച്ഛന്റെയും അമ്മയുടെയും പരസ്പരസ്നേഹമായിരുന്നു ആ വീടിന്റെ ആത്മാവ്.സ്നേഹബന്ധത്തിന്റെ ആഴം വീടിനെ പൂർണമാക്കുന്നു. ഇന്ന് അത് നഷ്ടമായിരിക്കുന്നു. കിടപ്പിലായപ്പോൾ പോലും അച്ഛന്റെ സാന്നിധ്യം ആ വീട്ടിലെ ഓരോ കാര്യത്തിനുമുണ്ടായിരുന്നു. അച്ഛന്റെ മരണം ആ വീട്ടിൽ ശൂന്യത സൃഷ്ടിക്കുന്നു. അച്ഛന്റെ ശബ്ദവും സാന്നിധ്യവുമില്ല. വീട്ടിൽ നിന്നും ഒരുപാടു പേർ ഇറങ്ങിപ്പോയതുപോലെ മകന് അനുഭവപ്പെടുന്നു.

6. 'ഏതോ ദിശയിൽ നിന്ന് അടിച്ചെത്തിയ കാറ്റിൽ ശബ്ദങ്ങളുടെ കരിയിലകൾ അപ്പാടെ പാറിപ്പോയി' .ആശയം വിശദമാക്കുക

- ഉണങ്ങിക്കരിഞ്ഞ കരിയിലകൾ കാറ്റിന്റെ ഗതിക്കനുസരിച്ച് പാറിപ്പോകും.ഇവിടെ അച്ഛന്റെ ശബ്ദം കാലത്തിന്റെ ഗതിയനുസരിച്ച് പറന്നുപോയിരിക്കുന്നു.വീട്ടിലെ എല്ലാ ശബ്ദവും അച്ഛന്റെ ശബ്ദത്തിനൊപ്പം ഇല്ലാതായി.കരിയില ആകുന്നതിന് മുമ്പ് അതിനൊരു പച്ചപ്പുണ്ടായിരുന്നു.അതുപോലെ എല്ലാ ശബ്ദത്തിനുമുണ്ട് പച്ചപ്പ്;പരാതികളുടേയും പരിഭവങ്ങളുടേയും സ്നേഹത്തിന്റേയും പച്ചപ്പ്.ആ ശബ്ദത്തിന്റെ പച്ചപ്പ് അച്ഛന്റെ മരണത്തോടെ കാറ്റിൽ പാറിപ്പറക്കുന്ന കരിയിലപോലെ എങ്ങോട്ടോ പോയി.

7. 'പൊരുളില്ലാത്ത സംസാരമെന്ന് ആദ്യം തോന്നാം.പക്ഷേ, ചെന്നു നോക്കുമ്പോൾ അറിയാം മനസ്സിന്റെ ക്ലാവുപിടിച്ച കണ്ണാടിയിലൂടെ അച്ഛൻ കണ്ടതെല്ലാം ശരിയായിരുന്നുവെന്ന്'. ആശയം വിശകലനം ചെയ്യുക.

- വാർദ്ധക്യത്തിന്റെ അവശതകൾ അച്ഛനുണ്ട്.ആ അവശത അച്ഛന്റെ മനസ്സിനെ ബാധിച്ചിട്ടില്ല.ക്ലാവുപിടിച്ച കണ്ണാടിയിൽ വ്യക്തമായി കാഴ്ചകൾ കാണാൻ കഴിയില്ല എങ്കിലും യഥാർത്ഥ ചിത്രം അത് കാണിക്കും. കിടപ്പിലായതിനാൽ കൃഷിയുടെ കാര്യം നേരിട്ടുകണ്ട് ശ്രദ്ധിക്കാൻ അച്ഛന് കഴിയില്ല.എങ്കിലും കിടന്നുകൊണ്ട് അച്ഛൻ പറഞ്ഞ കാര്യങ്ങൾ ശരിയായിരുന്നു.നിരന്തരം പരിചയിച്ച പ്രകൃതിയെ കാണാതെ തന്നെ പ്രകൃതിയുടെ ഓരോ മാറ്റവും അദ്ദേഹം തിരിച്ചറിയുന്നു.കിടപ്പിലായപ്പോൾ പോലും കുടുംബനാഥൻ എന്ന ഉത്തരവാദിത്തം അദ്ദേഹം കാത്തുസൂക്ഷിച്ചിരുന്നു.ആത്മാർത്ഥതയും അർപ്പണബോധവുമുള്ള നല്ല കൃഷിക്കാരനാണ് അച്ഛൻ. മണ്ണിനെയും പ്രകൃതിയെയും അറിഞ്ഞ് ജീവിക്കുന്ന കൃഷിക്കാരന്റെ അനുഭവജ്ഞാനം ഇവിടെ കാണാം.

8. 'ഇപ്പഴും എടക്കുടെ പോണ ചെലർ വിവരമറിയാതെ ചോദിക്കുംമൂപ്പരെങ്ങോട്ടു പോയി? .ഞാൻ പറയും പോയീന്ന്.പോയില്ലാന്ന് എനിക്കല്ലേ അറിയൂ. ഈ വാക്യത്തിൽ തെളിയുന്ന അർത്ഥതലങ്ങൾ എന്തെല്ലാം?

- ഇവിടെ 'പോയി'എന്ന വാക്ക് രണ്ടർത്ഥത്തിലാണ് ഉപയോഗിക്കുന്നത്.അമ്മ പറഞ്ഞ 'പോയി'എന്ന വാക്കിന് മരിച്ചു എന്നാണ് അർത്ഥം. എന്നാൽ അച്ഛൻ എങ്ങൊ യാത്രപോയി എന്ന് കേൾക്കുന്നവർ വിചാരിക്കുന്നു. മരണവും ഒരു തരത്തിൽ യാത്രയാണല്ലൊ.ജീവിതത്തിലേക്ക് ഒരിക്കലും മടങ്ങിവരാനാവാത്ത യാത്ര. അച്ഛൻ മരിച്ചു എന്ന സത്യം ഉൾക്കൊള്ളാൻ അമ്മയ്ക്ക് കഴിഞ്ഞിട്ടില്ല.അതിനാലാണ് അമ്മ ഇപ്രകാരം സംസാരിച്ചത്.

## കഥാപാത്രങ്ങൾ സവിശേഷതകൾ

**അച്ഛൻ**

- അമ്മയുടെയും മകന്റെയും ഓർമ്മകളിലുടെ കഥയിൽ നിറഞ്ഞുനിൽക്കുന്ന കഥാപാത്രം
- മറ്റുള്ളവരുമായി ഊഷ്മളമായ ബന്ധം
- അസുഖങ്ങൾക്കിടയിലും വീടിനെയും വീട്ടുകാരെയുംപറ്റി വേവലാതി
- മരണത്തോടെ വീടിനെ ശൂന്യതയിലേക്ക് തള്ളുന്നു
- നിരന്തരം പരിചയിച്ച പ്രകൃതിയെ കാണാതെതന്നെ പ്രകൃതിയിലെ ഓരോ മാറ്റവും അനുഭവിച്ചറിയുന്നു.

**അമ്മ**

- ഭർത്താവിന്റെ ഇഷ്ടം അറിഞ്ഞുള്ള ജീവിതം
- രോഗാവസ്ഥയിലും ഭർത്താവിന് പരിഗണന നൽകുന്നു
- ഭർത്താവിന്റെ മരണത്തോടെ മൗനിയാക്കപ്പെടുന്നു
- ഭർത്താവ് മരിച്ചശേഷവും അദ്ദേഹം ഒപ്പമുണ്ടെന്ന ചിന്ത
- മകന്റെ കൂടെ പോകാതെ സ്വയം തീരുമാനമെടുക്കുന്നു
- ഗ്രാമപ്രകൃതിയിൽ അഭിമാനിക്കുന്നു
- ഭർത്താവിന്റെ മരണം ഉൾക്കൊള്ളാനാവുന്നില്ല

**മകൻ**

- മാതാപിതാക്കളോട് അതിയായ സ്നേഹം
- അമ്മയെ നിർബന്ധിച്ച് കൊണ്ടുപോകാനോ തനിച്ചാക്കി പോകാനോ കഴിയാതെ ആത്മസംഘർഷം അനുഭവിക്കുന്നു.
- മകന്റെ കാഴ്ചപ്പാടിലൂടെ അച്ഛനെ അവതരിപ്പിക്കുന്നു.
- അമ്മയുടെയും അച്ഛന്റെയും ഊഷ്മളമായ സ്നേഹബന്ധം മകനിലൂടെ കഥയിൽ അവതരിപ്പിച്ചിരിക്കുന്നു.

## സമസ്തപദം

- വ്യത്യസ്ത അർത്ഥമുള്ള ഒന്നൊ അതിലധികമൊ പദങ്ങൾ കൂടിച്ചേർന്ന് രൂപംകൊള്ളുന്ന പുതിയപദമാണ് സമസ്തപദം
  ഉദാ:നെല്ലിൻകുല
  ഇവിടെ 'നെല്ല്','കുല'
  എന്നിങ്ങനെ വ്യത്യസ്ത അർത്ഥമുള്ള പദങ്ങൾ കൂടിച്ചേർന്ന് 'നെല്ലിൻകുല'എന്ന പുതിയപദം രൂപം കൊണ്ടു.

## സമാസം

- വ്യത്യസ്ത അർത്ഥമുള്ള പദങ്ങൾ ചേർന്ന് പുതിയപദം രൂപംകൊള്ളുന്ന പ്രക്രിയയാണ് സമാസം
  ഉദാ: നെല്ലിൻകുല (സമാസം)

## വിഗ്രഹിക്കൽ

- സമസ്തപദത്തെ പ്രത്യയങ്ങൾ ചേർത്ത് പിരിച്ചെഴുതുന്നതാണ് വിഗ്രഹിക്കൽ

ഉദാ:
നെല്ലിൻകുല(സമസ്തപദം) നെല്ലിന്റെ കുല(വിഗ്രഹാർത്ഥം)
ഇവിടെ 'നെല്ല്','കുല' എന്നീ പദങ്ങൾക്കിടയിൽ 'ന്റെ' എന്ന പ്രത്യയം ചേർത്തിരിക്കുന്നു.

## ഘടകപദം

- സമാസത്തിന്റെ ഭാഗമായ പദമാണ് ഘടകപദം
  ഉദാ:
  നെല്ലിൻകുല
  (സമാസം)
  നെല്ല്,കുല
  (ഘടകപദം)
  നെല്ലിൻകുല എന്ന സമസ്തപദത്തിന്റെ ഘടകപദങ്ങളാണ് 'നെല്ല്','കുല' എന്നിവ

| **വിഗ്രഹാർത്ഥം** | **സമസ്തപദം (സമാസം)** | **ഘടകപദം** |
|---|---|---|
| മരത്തിന്റെ കൊമ്പ് | മരക്കൊമ്പ് | മരം,കൊമ്പ് |
| നെല്ലിന്റെ കുല | നെല്ലിൻകുല | നെല്ല്,കുല |
| കന്നിയിലെ നെല്ല് | കന്നിനെല്ല് | കന്നി,നെല്ല് |

സമാസം - സവിശേഷതകൾ

1. എഴുതാനും പറയാനും സൗകര്യം
2. സമയലാഭം
3. ഭാഷാപരമായ സൗന്ദര്യം
4. കൃത്യമായ അർത്ഥബോധം നൽകുന്നു

*Prepared by*:
Asha.V.T
G.H.S.S. Anchal
East Kollam